പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 183

28.10.2019 ൽ

മറുപടി നൽകേണ്ടിയിരുന്നത്

## മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | 11.01.2016 തീയതി മുതൽ മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ വനം വകുപ്പ് വക താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും, തുടർന്ന് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്ന ആവശ്യത്തിലേക്കായി സ്ഥലം ലഭിക്കുന്നതിന് വേണ്ടി പീരുമേട് താലൂക്ക്, വള്ളക്കടവ് സത്രം ഭാഗത്തുള്ള റവന്യൂ ഭൂമി ലഭ്യമാക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, മഞ്ചുമല വില്ലേജിൽ സർവ്വേ നമ്പർ.182 ൽ ഉൾപ്പെട്ട സ്ഥലം താലൂക്ക് വികസന സമിതി യോഗത്തിൽ തീരുമാനം ഉണ്ടായിട്ടുള്ളതുമാണ്. തുടർന്ന് ടി സ്ഥലം ഫോറസ്റ്റ് വകുപ്പ് വക സ്ഥലമാണെന്ന അവകാശവാദത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ കളക്ടർ അന്വേഷണത്തിനായി ഇടുക്കി സബ് കളക്ടറെ ചുമതലപ്പെടുത്തുകയും അദ്ദേഹം ടി സ്ഥലം സന്ദർശിക്കുകയും തുടർന്ന് 26.09.2019 തീയതിയിൽ ഇടുക്കി RDO ഓഫീസിൽ വച്ച് ജില്ലാ പോലീസ് മേധാവി, ജില്ലാ കളക്ടർ, കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് റേഞ്ച് ഓഫീസർ, പീരുമേട് തഹസിൽദാർ, മഞ്ചുമല വില്ലേജ് ഓഫീസർ, മുല്ലപ്പെരിയാൽ സ്റ്റേഷൻ ഹെഡ് ഓഫീസർ എന്നിവർ പങ്കെടുത്ത യോഗത്തിൽ 50 |

സെന്റ് സ്ഥലം അനുവദിച്ച നൽകാമെന്ന് തീരുമാനമെടുത്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ നടപടി ക്രമങ്ങൾ ഇടുക്കി ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നടന്നു വരുന്നതുമാണ്.

(ബി) മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് ഉദ്യോഗസ്ഥർ ഡ്യൂട്ടിയുടെ ഭാഗമായി മുല്ലപ്പെരിയാർ തടാകത്തിലൂടെ ബോട്ടിലും റോഡുമാർഗ്ഗം വാഹനത്തിലും ഉൾവനത്തിലൂടെ യാത്ര ചെയ്യേണ്ടിവരുമ്പോൾ സ്റ്റേഷനുമായി ബന്ധപ്പെടുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന വാർത്താവിനിമയ സംവിധാനം എന്താണെന്ന് അറിയിക്കാമോ; പ്രസ്തുത സംവിധാനം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ബി) മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടിയുടെ ഭാഗമായി തടാകത്തിലും റോഡ് മാർഗ്ഗവും യാത്ര ചെയ്യേണ്ടി വരുമ്പോൾ വാഹനത്തിലും ബോട്ടിലും ഘടിപ്പിച്ചിട്ടുള്ള Low Band (L/B) വയർലെസ്സ് മുഖാന്തിരമാണ് വാർത്താവിനിമയം നടത്തി വരുന്നത്. പോലീസ് വാർത്താവിനിമയ സംവിധാനം മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ എല്ലായിടത്തും കുറ്റമറ്റ രീതിയിൽ ലഭിക്കുന്നതിനായി കുമളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഒട്ടകത്തല മേട്ടിൽ ജില്ലാ പഞ്ചായത്ത് വക സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള വാച്ച് ടവറിന്റെ താഴത്തെ മുറി കെട്ടിയടച്ച് വൈദ്യുതി ലഭ്യമാക്കി L/B, VHF, Patching Repeater സ്ഥാപിക്കേണ്ട-തുണ്ട്. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച വരുന്നു. സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ സ്ഥലങ്ങളിലും പോലീസിന്റെ വാർത്താവിനിമയ സംവിധാനം ലഭ്യമാക്കുന്നതാണ്.

(സി) മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനിൽ സ്ഥിരമായ പോലീസ് ടെലികമ്മ്യൂണിക്കേഷൻ സംവിധാനം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനിൽ വയർലെസ് സംവിധാനം ലഭ്യമാണ്.

സെക്ഷൻ ഓഫീസർ